## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 85 — 28.09.2016-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോക്രെഡിറ്റ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീ. വി. അബ്ദുറഹിമാൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| എ) | ദേശീയ പിന്നോക്ക ജാതി വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള മൈക്രോ ക്രെഡിറ്റ് പദ്ധതിയുടെ നിബന്ധനകളും വ്യവസ്ഥകളും എന്തൊക്കെയാണ്; | എ) | മൈക്രോ ക്രെഡിറ്റ് വായ്പ നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>1. സംഘടനകളുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ വഴി അംഗങ്ങൾക്ക് വായ്പ വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.<br>2. അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 20-ൽ കൂടുവാൻ പാടുള്ളതല്ല.<br>3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.<br>4. ഗ്രാമങ്ങളിൽ 81,000/- രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.<br>5. വരുമാനദായകമായ ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.<br>6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000/- രൂപയാണ്.<br>7. കോർപ്പറേഷൻ നിലവിൽ ഈടാക്കുന്ന പലിശ നിരക്ക് 3% ആണ്. ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ആണ്.<br>8. തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി, തുക തിരിച്ച് പിടിക്കുന്നതാണ്.<br>9. തിരിച്ചടവ് കാലാവധി 36 മാസം. |
| ബി) | ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതി പ്രാവർത്തികമാക്കിയത്; | ബി) | അതെ |
| സി) | ചില സംഘടനാ നേതാക്കൾക്ക് മൈക്രോ ഫിനാൻസിന്റെ പേരിൽ തട്ടിപ്പ് നടത്താൻ അവസരമൊരുക്കിയത് എങ്ങനെയാണ്; ഇതു സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ വെളിപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | സി) | സന്നദ്ധ സംഘടനകൾ അവർക്ക് അനുവദിക്കുന്ന വായ്പ ഗുണഭോക്താക്കൾക്ക് 30 ദിവസത്തിനകം വിതരണം ചെയ്ത ശേഷം ഗുണഭോക്താക്കളുടെ പട്ടിക ഉൾപ്പെടുന്ന വിനിയോഗ സാക്ഷ്യപത്രം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഹാജരാക്കുന്നതിനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനാ വിധേയമാക്കിയപ്പോഴാണ് ഒരു സന്നദ്ധ സംഘടന വായ്പാ വിനിയോഗ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക നൽകിയിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കിയെന്നും കണ്ടെത്താൻ കഴിഞ്ഞത്. ഇത് നിബന്ധനകൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച വീഴ്ചകൾ എന്തൊക്കെയായിരുന്നുവെന്നും അവ പരിഹരിക്കുവാനായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | ഡി) | അക്കൗണ്ടന്റ് ജനറലിന്റെ 2009-10 സാമ്പത്തിക വർഷത്തെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ താഴെപ്പറയുന്ന വീഴ്ചകളാണ് ചൂണ്ടിക്കാണിച്ചത്.<br>(1) സന്നദ്ധ സംഘടനകൾ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന പലിശ നിരക്ക് എത്രയെന്ന് പരിശോധിച്ചില്ല.<br>(2) വായ്പയുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല. ടി പരാമർശങ്ങളുടെ വെളിച്ചത്തിൽ കോർപ്പറേഷൻ ഗുണഭോക്താക്കളിൽ നിന്നും സന്നദ്ധ സംഘടനകൾക്ക് ഈടാക്കാവുന്ന പലിശ നിരക്ക് വായ്പാ കരാറിൽ നിബന്ധനയായി ഉൾപ്പെടുത്തുകയും സന്നദ്ധ സംഘടനകൾ സമർപ്പിക്കുന്ന വിനിയോഗ സാക്ഷ്യപത്രത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**